# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2072 — 07.03.2017 — ൽ മറുപടിക്ക്

## കമ്പ്യൂട്ടർവൽകൃത റേഷൻ വിതരണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>,, എം .വിൻസെന്റ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, അന്റൂപ് ജേക്കബ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) കമ്പ്യൂട്ടർവൽകൃത റേഷൻ വിതരണ സംവിധാനം പ്രാബല്യത്തിൽ വരുത്തുവാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ? | (എ) **റേഷൻകാർഡുകളുടെ ഡിജിററൽവൽക്കരണവും ആധാർ സീഡിംഗും**<br><br>റേഷൻകാർഡ് പുതുക്കലിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ, സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾ, ആധാർ വിവരങ്ങൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ മുതലായവ ശേഖരിച്ച് റേഷൻകാർഡ് ഡാറ്റാ ബേസ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ റേഷൻകാർഡ് കൊടുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സപ്ലൈ ചെയിൻ മാനേജ്മെന്റ് വാതിൽപ്പടി വിതരണ സംവിധാനം മുഖേന റേഷൻ ഭക്ഷ്യധാന്യങ്ങൾ എല്ലാ റേഷൻകടകളിലും നേരിട്ട് എത്തിക്കുന്നതാണ്. വിതരണ ശൃംഖല കൈകാര്യം ചെയ്യുന്നതിനുള്ള സോഫ്റ്റ്വെയർ നിർമ്മാണം അതിന്റെ അവസാന ഘട്ടത്തിലാണ്. കൂടാതെ ഡോർ-ടു-ഡോർ ഡെലിവറി നടപ്പിലാക്കുന്നതിനുള്ള ട്രാൻസ്പോർട്ട് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ അതിന്റെ പൂർണ്ണ ചുമതലയുള്ള സപ്ലൈകോ സ്വീകരിച്ച് വരികയാണ്. |

പൊതുവിതരണ സംവിധാനത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ പദ്ധതിയുടെ ആദ്യഘട്ടം കൊല്ലം ജില്ലയിൽ 2017 മാർച്ച് അവസാനത്തോടെയും ബാക്കി എല്ലാ ജില്ലകളിലും തുടർന്നും നടപ്പിലാക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം

സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലേക്കാവശ്യമായ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ വിളിക്കുന്നതിനാവശ്യമായ RFP (Request for Proposal) ഡോക്യുമെന്റ് സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാക്കി സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്. 2017- മദ്ധ്യത്തോടുകൂടി റേഷൻ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## പരാതി പരിഹാര സംവിധാനം

പരാതി പരിഹാരത്തിനായി സംസ്ഥാന ഫുഡ് കമ്മീഷൻ, ജില്ലാ പരാതി പരിഹാര ഓഫീസർമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്. പരാതി പരിഹാര സംവിധാനം നടപ്പിൽ വരുത്തുന്നതിനായി എൻ.ഐ.സി. ഒരു ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. നേരത്തേ തന്നെ നിലവിലുള്ള ടോൾ ഫ്രീ നമ്പരുകൾ (1967, 1800-42-1550) ഇപ്പോഴും പ്രവർത്തിച്ചു വരുന്നു.

*സെക്ഷൻ ഓഫീസർ*